പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2643 — 19-12-2012-ൽ മറുപടിക്ക്

## വെട്ടം കുടിവെള്ള പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി. | ശ്രീ. പി.ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ചമ്രവട്ടം പദ്ധതിയിലെ ജലസ്രോതസ് ഉപയോഗപ്പെടുത്തിയുള്ള വെട്ടം കുടിവെള്ള പദ്ധതിയുടെ പ്രവൃത്തി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) വെട്ടത്തിനും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള ഒരു സമഗ്ര കുടിവെള്ള പദ്ധതിക്ക് മൂന്ന് ഫേസുകളായി തിരിച്ച് വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതിയിൽ തിരൂർ, താനൂർ നിയോജക മണ്ഡലങ്ങളിലെ ഏതൊക്കെ പഞ്ചായത്തുകളാണ് ഉൾ പ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) തിരൂർ നിയോജകമണ്ഡലത്തിലെ കൽപ്പകൻ ചേരി, വളവന്നൂർ, തലക്കാട്, വെട്ടം എന്നീ പഞ്ചായത്തുകളും താനൂർ നിയോജകമണ്ഡലത്തിലെ ചെറിയമുണ്ടം, പൊൻമുണ്ടം, താനൂർ, താനാളൂർ, നിറമരുതൂർ പഞ്ചായത്തുകളും പ്രസ്തുത പദ്ധതിയിൽ ഉൾ പ്പെടുത്തിയിട്ടുണ്ട്. |
| (സി) ഇതു സംബന്ധമായി താനൂർ, താനാളൂർ, ചെറിയമുണ്ടം, പൊന്മുണ്ടം, നിറമരുതൂർ എന്നീ പഞ്ചായത്തുകളുടെ സർവ്വേ ഏത് ഘട്ടത്തിലാണ്; | (സി) താനൂർ, താനാളൂർ, ചെറിയമുണ്ടം എന്നീ പഞ്ചായത്തുകളുടെ സർ വ്വെ ജോലികൾ പുരോഗമിച്ചുവരുന്നു. മറ്റു പഞ്ചായത്തുകളിലെ സർ വ്വെക്കു വേണ്ടി ഉടനെ ടെണ്ടർ ചെയ്ത് സത്വരനടപടികൾ സ്വീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത പദ്ധതിയുടെ ഒന്നാം ഘട്ടത്തിന്റെ കോമൺ കംപോണന്റ് തിരൂർ-താനൂർ നിയോജക മണ്ഡലങ്ങളിലെ പദ്ധതികൾക്ക് പൊതുവായി ഉപയോഗപ്പെടുത്തിയാൽ ഉണ്ടാകുന്ന സാമ്പത്തിക ലാഭം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഇതിനായി നടപടി സ്വീകരിക്കുമോ; | (ഡി) | ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. സാമ്പത്തികലാഭം കണക്കിലെടുത്താണ് പ്രസ്തുത റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. |
| (ഇ) | എത്ര കോടി രൂപയാണ് പ്രസ്തുത പദ്ധതിക്ക് ചെലവ് പ്രതീക്ഷിക്കുന്ന തെന്നറിയിക്കാമോ? | (ഇ) | ഈ പദ്ധതിയുടെ താഴെ പറയുന്ന മൂന്ന് ഘട്ടങ്ങൾക്ക് 78.40 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു.<br>ഫേസ് I - 42.30 കോടി.<br>ഫേസ് II - 14.60 കോടി.<br>ഫേസ് III - 21.50 കോടി.<br><br>പദ്ധതിയുടെ IV, V ഘട്ടങ്ങളുടെ എസ്റ്റിമേറ്റ് തുക താനൂർ നിയോജക മണ്ഡലത്തിലെ സർ വ്വെ ജോലികൾ പൂർത്തിയാക്കിയതിനു ശേഷമേ അറിയാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ